# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3869

21.06.2019 ൽ മറുപടിക്ക്

## ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ആർ. രാമചന്ദ്രൻ**<br>**ശ്രീ.ഇ.കെ.വിജയൻ**<br>**ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ.വി.ആർ. സുനിൽ കുമാർ :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ഇലക്ട്രോണിക്സ് രംഗത്ത് വിപ്ലവാത്മകമായ പുരോഗതിയുള്ള ഈ കാലഘട്ടത്തിൽ, ഈ രംഗത്ത് സംസ്ഥാനം നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് സ്ഥാപിക്കാനുള്ള പ്രവർത്തനം നടന്നു വരുന്നു.<br>കൂടാതെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെയും 2017 ലെ ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ നയത്തിന്റെയും തുടർനടപടികളായി ഇലക്ട്രോണിക്സ് & ഹാർഡ് വെയർ മേഖലയിൽ ജോലി നോക്കുന്ന ധാരാളം ഏജൻസികളെ ഏകോപിപ്പിക്കുന്നതിനു വേണ്ടിയും വിവിധങ്ങളായ തന്ത്രപ്രധാന പദ്ധതികളും നിക്ഷേപ നിർദ്ദേശങ്ങൾക്ക് ബന്ധപ്പെടുന്നതിനായി ഒരു ഏകകേന്ദ്രം സൃഷ്ടിക്കുന്നതിനുവേണ്ടിയും ഇലക്ട്രോണിക്സ് ഹാർഡ് വെയർ മിഷൻ സ്ഥാപിച്ചിട്ടുണ്ട്.<br>ഇന്റലും, യു.എസ് ടി ഗ്ലോബലുമായി ചേർന്ന് കേരള സർക്കാർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു ലാപ്ടോപ്പ്, സെർവർ നിർമാണ യൂണിറ്റ് കേരളത്തിൽ തുടങ്ങുവാനുള്ള നടപടികളുമായി മുന്നോട്ടു പോകുന്നു.<br>വൈദ്യുതി വാഹനങ്ങളുടെ നിർമാണവും പ്രവർത്തിപ്പിക്കലും സംബന്ധിച്ച് നയങ്ങൾ ഉണ്ടാക്കുന്നതിനും പ്രാരംഭ നടപടികൾ സ്വീകരിക്കുന്നതിനും ഇ- മൊബിലിറ്റിക്ക് വേണ്ടി ഒരു സ്റ്റേറ്റ് ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും ഹാർഡ്‌വെയർ മിഷൻ അതിന്റെ സെക്രട്ടറിയേറ്റായി പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| ബി) | എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നിർമ്മാണപുരോഗതി അറിയിക്കുമോ; | (ബി) & (സി) | ഇലക്ട്രോണിക് രംഗത്ത് കെ.എസ്.ഐ.ഡി.സി. യുടെ കീഴിൽ എറണാകുളം ജില്ലയിലെ ആമ്പല്ലൂരിൽ 117 ഏക്കർ സ്ഥലത്ത് ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. നാളിതുവരെ 12 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 11 ആധാരത്തിന്റെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. |
| (സി) | ഹാർഡ് വെയർ പാർക്കിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്നും ആയതിന്റെ നിർമ്മാണപുരോഗതിയും അറിയിക്കുമോ; | | |
| (ഡി) | ഹാർഡ് വെയർ പാർക്കിനുള്ള സാമ്പത്തിക നിക്ഷേപം ഏതൊക്കെ സ്രോതസ്സുകളിൽ നിന്നാണെന്ന് വ്യക്തമാക്കുമോ; | (ഡി) | ഹാർഡ് വെയർ പാർക്കിനുള്ള സാമ്പത്തിക നിക്ഷേപം, മെഗാ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് പ്രോജക്ടിൽ നിന്നും സ്വകാര്യ നിക്ഷേപകരിൽ നിന്നുമായി കണ്ടെത്താൻ ഉദ്ദേശിക്കുന്നു. |
| (ഇ) | പ്രസ്തുത പാർക്ക് സംസ്ഥാനത്തിന് ഏതൊക്കെ തരത്തിൽ ഗുണകരമാകുമെന്ന് അറിയിക്കുമോ? | (ഇ) | പ്രസ്തുത പാർക്ക് കേരളത്തിൽ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൂറുകണക്കിന് തൊഴിലവസരങ്ങൾ, ഇലക്ട്രോണിക് ഹാർഡ് വെയർ മാനുഫാക്ചറിങ്ങ്, ചിപ്പ് നിർമ്മാണം, പ്രോഗ്രാമിങ്ങ്, ടെസ്റ്റിങ്ങ്, റിസർച്ച് മേഖലകളിൽ സൃഷ്ടിക്കുവാൻ സഹായിക്കും. മാത്രല്ല, ഇലക്ട്രോണിക് രംഗത്ത് കയറ്റുമതി കൂട്ടുന്നതിനും വിദേശനാണ്യ നിക്ഷേപം കൂട്ടുന്നതിനും പ്രസ്തുത പാർക്ക് വഴിയൊരുക്കും. |

**സെക്ഷൻ ഓഫീസർ**